LIBRARY ARCHIVES Kerala Legislative Assembly

7. പായൽ നീക്കം ചെയ്യൽ

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ശുദ്ധജലതടാകമാണ് വെള്ളായണി കായൽ. ഏകദേശം ഒരു ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്ന 22 എം.എൽ.ഡി., മൂന്നര എം.എൽ.ഡി. പ്ലാന്റുമുൾപ്പെടെ രണ്ട് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ വെള്ളായണി കായൽ പായൽ മൂടിക്കിടക്കുകയാണ്. പായലഴുകി വെള്ളത്തിന് കട്ടിക്കൂടുകയും പലപ്പോഴും ചുവന്ന പുഴുക്കൾ പൈപ്പിലൂടെ വെള്ളത്തിൽ വരികയുംചെയ്യുന്ന സാഹചര്യത്തിൽ വേനൽക്കാലത്ത് ജലം കുടിക്കാൻ പറ്റാത്ത സ്ഥിതി വിശേഷമുണ്ടാകുന്നു. ടി പശ്ചാത്തലത്തിൽ സ്വസ്തി ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടന കായലിലെ പായൽ നീക്കംചെയ്യാനുള്ള ശ്രമങ്ങളുമായി വരികയും ഒന്നര വർഷത്തിനകം ഏകദേശം 600 ലോഡ് പായൽ നീക്കംചെയ്തിട്ടുമുണ്ട്. വവ്വാമൂല ഭാഗത്തെ പായൽ ഏകദേശം മാറ്റിയിട്ടുണ്ട്. നിലവിൽ കോവിഡ് കാരണം പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. പായൽ വാരുന്നതിനുള്ള ഡീവീഡിംഗ് മെഷീനുകളുടെ അഭാവമാണ് പ്രധാനപ്പെട്ട പ്രശ്നം. വലിയ തുകകൊടുത്ത് മെഷീൻ വാടകയ്ക്കാണ് എടുത്തുകൊണ്ടിരുന്നത്. ജലസേചന വകുപ്പ് ഒരു ഡീവീഡിംഗ് മെഷീൻ കൊണ്ടുവന്നെങ്കിലും എല്ലാ ദിവസവും മെഷീൻ തകരാറിലാകുന്നതിനാൽ പ്രവൃത്തി നടക്കുന്നില്ല. കുടിവെള്ള സ്രോതസ്സെന്ന നിലയിൽ സ്ഥിരമായി പായൽ നീക്കംചെയ്യുന്നതിനുള്ള സംവിധാന മേർപ്പെടുത്തണം. ജലസേചന വകുപ്പുതന്നെ പുതിയ ഡീവീഡിംഗ് മെഷീൻ വാങ്ങി പായൽ നീക്കംചെയ്യാൻ നടപടി സ്വീകരിക്കണം. എല്ലാ ദിവസവുമുണ്ടാകുന്ന ആവർത്തന ചെലവ് സ്വസ്തി ഫൗണ്ടേഷൻ ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അതല്ലെങ്കിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കണം. ഒരു ലക്ഷത്തോളം ആളുകളുടെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയ്ക്ക് പുതിയ ഡീവീഡിംഗ് മെഷീൻ വാങ്ങി പായൽ വാരുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് ഉന്നയിച്ച വിഷയം പൂർണ്ണമായും പരിശോധിച്ചു. നിലവിലുള്ള വാഹനം ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൊണ്ടുമാത്രം ആ പ്രശ്നം പരിഹരിക്കാവുന്നതല്ല. സ്വസ്തി ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെ നടത്തിവന്ന പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വെള്ളായണി, അരുവിക്കര എന്നിവ ശുദ്ധജല തടാകങ്ങളാണ്. അവിടെനിന്നാണ് ഏറ്റവും കൂടുതൽ ജലം വിതരണത്തിനായി ഉപയോഗിക്കുന്നത്. കായൽ സംരക്ഷിക്കപ്പെടണമെന്ന ആവശ്യം ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കും. വാഹനം വാങ്ങുന്നതിന് ഏകദേശം ഒരു കോടി രൂപ വിലവരും. പക്ഷെ വാഹനം വാങ്ങിയതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാൻ സാധിക്കുമോയെന്നത് തടസ്സമായാണ് കാണപ്പെടുന്നത്. കാരണം അതിന്റെ മെയിന്റനൻസ് എപ്രകാരമാണ് ചെയ്യാൻ സാധിക്കുക; സാങ്കേതിക തടസ്സങ്ങൾ ചിലപ്പോഴുണ്ടാകാം. ശുദ്ധജല തടാകമെന്ന നിലയിൽ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കപ്പെടുന്ന മേഖലയിലെ ഈ വിഷയം പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി ഏത് വിധേനയാണെങ്കിലും കൃത്യമായ മോണിറ്ററിംഗ് നടത്താനും പായൽ നീക്കംചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പിച്ച് പറയുകയാണ്. അതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ പ്രത്യേകമായി ചുമതലപ്പെടുത്തി മോണിറ്ററിംഗ് നടത്തി ആവശ്യമായ എല്ലാ നടപടികളും ഇന്നുമുതൽ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തികരിച്ച് ആ മേഖലയിലെ പ്രശ്നം പരിഹരിക്കുന്നതാണ്.

8. കാർഷിക വിളകളുടെ വിലയിടിവ്

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്തെ കർഷകർ വലിയ ദുരിതത്തിലാണ്. പ്രകൃതിക്ഷോഭവും കാർഷിക വിളകളുടെ വിലയിടിവും നിരന്തരമായി ബാധിക്കുന്ന നിരവധി കീടബാധ രോഗങ്ങളുംകാരണം കർഷകർ വലിയ പ്രയാസം നേരിടുകയാണ്. വിളവെടുപ്പുകാലത്ത് വിള ഗണ്യമായി കുറയുന്നതുമൂലം കർഷകർ പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്ത് കാർഷിക കമ്മീഷനെ നിയമിക്കണമെന്ന ആവശ്യം കേരളത്തിലെമ്പാടും സജീവമാണ്. ഓരോ ജില്ലയിലും വിവിധങ്ങളായ പ്രശ്നങ്ങളാണ് കർഷകർ നേരിടുന്നത്. കാർഷിക മേഖലയാകെ ദുരിതത്തിലായ സാഹചര്യത്തിൽ എല്ലാ വാതിലുകളും മടഞ്ഞ് ജീവിതം വഴിമുട്ടി ആത്മഹത്യയിൽ അഭയം പ്രാപിക്കേണ്ട ഗതികേടിലാണ് നാട്ടിലെ കർഷകർ. കർഷകരെ മനസ്സറിഞ്ഞ് സഹായിക്കുന്നതിനായി എല്ലാ കൃഷിക്കാരുടെയും അക്കൗണ്ടിൽ പണമെത്തിക്കാൻ സാധിക്കുമോയെന്ന് സർക്കാർ ഗൗരവതരമായി ആലോചിക്കണം. ലോകത്തിൽ കുരുമുളക് ഉൽപ്പാദനത്തിൽ 8.1 ശതമാനം സംഭാവനയോടെ ഇന്ത്യ നാലാം സ്ഥാനത്താണ്. കാലാവസ്ഥാ വ്യതിയാനവും കീടബാധയും ഏറ്റവുംകൂടുതൽ ബാധിക്കുന്നത് കുരുമുളക് കർഷകരെയാണ്. ദ്രുതവാട്ടം എന്ന രോഗം ഇല്ലാതാക്കാൻ ശാസ്ത്രലോകത്തിനിതുവരെ കഴിഞ്ഞിട്ടില്ല. അഞ്ചുവർഷംമുൻപ് ഒരു കിലോ കുരുമുളകിന് 700 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 339 രൂപയായി വില കുറഞ്ഞിരിക്കുകയാണ്. കുരുമുളക് കൃഷിക്കാരെല്ലാം നട്ടംതിരിയുകയാണ്. കുരുമുളകിന്റെ വിലയിടിവ് തടയാൻ ശക്തമായ നടപടിയെടുക്കണം. ഏലത്തിന്റെ